## VIJNANABHAVAN - KOTHAMANGALAM

### SCHOLARSHIP EXAMINATION 2023 - 2024

**Std IV** — Time : 2 hrs.
08-04-2024 — Marks : 100

രജിസ്റ്റർ നമ്പർ (അക്കത്തിൽ) [ ]

രജി. നമ്പർ (അക്ഷരത്തിൽ) ........................................................................................................

ഫൊറോന : ........................................................................................................

**നിർദ്ദേശങ്ങൾ:-**

1. നിങ്ങളുടെ രജിസ്റ്റർ നമ്പർ മുകളിൽ കാണുന്ന ദീർഘചതുരത്തിൽ അക്കത്തിലും താഴെ അക്ഷരത്തിലും എഴുതുക.
2. നിങ്ങളുടെ പേരോ സ്കൂളിന്റെയോ പള്ളിയുടെയോ പേരോ ഉത്തരക്കടലാസിൽ എഴുതാൻ പാടില്ല.
3. ഉത്തരങ്ങൾ ഈ ചോദ്യക്കടലാസിൽ തന്നെ അവയ്ക്കായി വിട്ടിട്ടുള്ള സ്ഥലങ്ങളിൽ മാത്രം വൃത്തിയായി എഴുതണം.
4. ഈ ചോദ്യക്കടലാസിനോട് വേറെ കടലാസുകൾ ചേർക്കുകയോ ഇതിലുള്ള കടലാസുകൾ വേർപെടുത്തുകയോ ചെയ്യാൻ പാടില്ല.

**Total Marks**

**ശരിയായ ഉത്തരത്തിന് ☑ ചിഹ്നം രേഖപ്പെടുത്തുക.** (10 x 1 = 10)

1 ഈശോയിൽ വിശ്വസിച്ച് അവിടുത്തെ വചനം അനുസരിച്ച് ജീവിക്കുന്നവരുടെ സമൂഹമാണ്

☐ സന്യാസം ☐ തിരുസഭ ☐ ഇടവക

2 ക്രൈസ്തവ ജീവിതത്തിന്റെ വാതിൽ എന്ന് വിശേഷിപ്പിക്കുന്ന കൂദാശയാണ്

☐ മാമ്മോദീസ ☐ വി. കുർബാന ☐ തൈലാഭിഷേകം

3 ഈശോ മനുഷ്യവർഗ്ഗത്തെ പിതാവായ ദൈവവുമായി രമ്യപ്പെടുത്തിയത്

☐ കുരിശിലെ ബലി ☐ കൂദാശകൾ ☐ അത്ഭുതങ്ങൾ

4 പ്രാർത്ഥനയുടെ എല്ലാ ഘടകങ്ങളും ഉൾക്കൊള്ളുന്ന ഏറ്റവും ശ്രേഷ്ഠമായ പ്രാർത്ഥന യാണ്

☐ സ്തുതിപ്പ് ☐ സമൂഹപ്രാർത്ഥന ☐ വി. കുർബാന

5 നസ്രത്തിലെ സിനഗോഗിൽ വച്ച് ഈശോ വായിച്ചത് ഏത് പ്രവാചകന്റെ പുസ്തകത്തിൽ നിന്നാണ്?

☐ ജറെമിയ ☐ ഏശയ്യാ ☐ എസക്കിയേൽ

6 ആദത്തിന്റെയും ഹവ്വായുടെയും കഷ്ടതകളും ക്ലേശങ്ങളും കണ്ട് ദൈവത്തിന് എന്താണ് തോന്നിയത്?

☐ സന്തോഷം ☐ കരുണ ☐ ദുഃഖം

7 കോതമംഗലം രൂപത ഏത് സഭാവിഭാഗത്തിൽ പെട്ടതാണ്?

☐ സീറോ മലങ്കര സഭ ☐ സീറോ മലബാർ സഭ ☐ ലത്തീൻ സഭ

8 തിരുസഭയുടെ ഇപ്പോഴത്തെ മാർപാപ്പയാണ്

☐ ബനഡിക്ട് മാർപാപ്പ ☐ ജോൺ പോൾ രണ്ടാമൻ പാപ്പ ☐ ഫ്രാൻസീസ് പാപ്പ

9 നമ്മെ നയിക്കാൻ, വഴി നടത്താൻ സഹായിക്കുന്ന ദൈവമാണ്

☐ പിതാവ് ☐ പുത്രൻ ☐ പരിശുദ്ധാത്മാവ്

10 കാർമ്മികനും ശുശ്രൂഷികളും വി. കുർബാനയ്ക്ക് ഒരുങ്ങുന്ന സ്ഥലം

☐ ഹൈക്കല ☐ സങ്കീർത്തി ☐ ബേസ്ഹദേ

**ഒരുവാക്കിൽ ഉത്തരമെഴുതുക** (5 x 2 = 10)

11 'കുർബാന' എന്ന വാക്ക് രൂപപ്പെട്ടത് ഏത് സുറിയാനി രൂപത്തിൽ നിന്നാണ്?

12 ഈശോ ഉയിർത്തെഴുന്നേറ്റ ദിവസത്തിന്റെ ഓർമ്മയ്ക്കായി ആഘോഷിക്കുന്ന തിരുനാ ളാണ്

13 ദൈവത്തിന്റെ മഹത്വപൂർണ്ണമായ പ്രവർത്തനങ്ങളെയും സൃഷ്ടപ്രപഞ്ചത്തിലെ മഹിമയാർന്ന നന്മകളെയും കണ്ട് ദൈവത്തെ മഹത്വപ്പെടുത്തുന്നതിനെ നമ്മൾ വിളിക്കുന്നതാണ്

14 ഇസഹാക്കിനെ ബലിയർപ്പിക്കാൻ ഏതു മലയിലേക്ക് കൊണ്ടുപോകാനാണ് അബ്രാഹത്തോട് ദൈവം കല്പിച്ചത്?

15 ഭാരതത്തിലെ ആദ്യത്തെ അല്മായ വിശുദ്ധൻ ആരാണ്?

**വിട്ടുപോയത് പൂരിപ്പിക്കുക.** (5 x 2 = 10)

16 കൂദാശകളിൽ ആദ്യത്തെ മൂന്നെണ്ണം .................................................................................................. എന്നറിയപ്പെടുന്നു.

17 യാക്കോബിന്റെ സന്തതി പരമ്പരയെ ............................................................. എന്നാണ് വിളിക്കുന്നത്.

18 നമുക്ക് പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ ശക്തിയും വരങ്ങളും ലഭിക്കുന്നത് ..............................
................................................................................................ എന്ന കൂദാശയിലൂടെയാണ്.

19 പിതാവായ ദൈവം ഈശോയിലൂടെ നമുക്കു നൽകിയ രക്ഷയുടെ വാർത്തയാണ്
..............................................................................

20 കോതമംഗലം രൂപത വിഭജിച്ച് ........................................................................ രൂപത രൂപംകൊണ്ടു.

**യോജിക്കുന്നവ ചേർത്തെഴുതുക.** (5 x 2 = 10)

| | A | | B |
|---|---|---|---|
| 21 | മദ്ബഹ | ........................................................................................ | രൂപതാ മതബോധനകേന്ദ്രം |
| 22 | അനാഫൊറ | ........................................................................................ | മഴവില്ല് |
| 23 | യൗസേപ്പ് | ........................................................................................ | കൂദാശ |
| 24 | ഉടമ്പടി | ........................................................................................ | അതിവിശുദ്ധ സ്ഥലം |
| 25 | വിജ്ഞാനഭവൻ | ........................................................................................ | ദാവീദ്വംശം |

26 **താഴെ കാണുന്ന പദപ്പെട്ടിയിൽ നിന്ന് പരിശുദ്ധാത്മാവിന്റെ ദാനങ്ങളും ഫലങ്ങളും പട്ടികരൂപത്തിലെഴുതുക.** (5 x 2 = 10)

ജ്ഞാനം, ഭക്തി, ആലോചന, നന്മ, സ്നേഹം, സന്തോഷം, ക്ഷമ, ദയ, ബുദ്ധി, ദൈവഭയം

| ദാനങ്ങൾ | ഫലങ്ങൾ |
|---|---|
| | |

**താഴെ കാണുന്ന പ്രസ്താവനയുടെ കോളത്തിൽ ശരിയോ ☑ തെറ്റോ ☒ എന്ന് രേഖപ്പെടുത്തുക.** (5 x 2 = 10)

27 ഈശോ പഠിപ്പിച്ച പ്രാർത്ഥനയാണ് "നന്മ നിറഞ്ഞ മറിയമേ സ്വസ്തി. ☐

28 ജ്ഞാനികൾ ഉണ്ണിക്ക് നൽകുവാൻ സമ്മാനങ്ങൾ കൊണ്ടുവന്നിരുന്നു. ☐

29 കോതമംഗലം രൂപതയുടെ പ്രഥമ മെത്രാൻ മാർ ജോർജ് പുന്നക്കോട്ടിൽ. ☐

30 ജനങ്ങളിൽ നിന്ന് ജനങ്ങൾക്കുവേണ്ടി തെരഞ്ഞെടുക്കപ്പെടുന്നവരാണ് പുരോഹിതർ. ☐

31 ശുശ്രൂഷകളുടെ കൂദാശയാണ് രോഗീലേപനം ☐

**ദൈവവചനം പൂരിപ്പിക്കുക.** (3 x 2 = 6)

32 "ഒരുവൻ ലോകം മുഴുവൻ നേടിയാലും ........................................................................................
......................................................................................................................................
..................................................................................... അവന് എന്തു പ്രയോജനം" (മർക്കോ. 8:36).

33 “അപ്പനും അമ്മയും എന്നെ ..........................................................................................................

.........................................................................................................എന്നെ കൈക്കൊള്ളും” (സങ്കീ. 27:10).

34 “പിതാവേ സ്വർഗ്ഗത്തിനെതിരായും നിന്റെ മുമ്പിലും ..........................................................................

.......................................................................................................................................................

.......................................................................................................................................................

....................................................................................................... ഞാൻ ഇനി യോഗ്യനല്ല” (ലൂക്കാ 15:21).

**ഒന്നോ രണ്ടോ വാചകത്തിൽ ഉത്തരമെഴുതുക.** (6 x 4 = 24)

35 ഭാരതത്തിലെ നാലു വിശുദ്ധരുടെ പേരുകൾ എഴുതുക.

36 എന്താണ് വി. കുർബാന എന്ന കൂദാശ?

37 പൂർണ്ണ മനസ്താപം എന്നാലെന്ത്?

38 മാമ്മോദീസായുടെ ഫലങ്ങൾ എന്തെല്ലാം?

39 കൂദാശാനുകരണങ്ങൾ ഏതെല്ലാമാണെന്ന് എഴുതുക.

40 ഒരു മാതൃകാ കുടുംബത്തിന്റെ പ്രത്യേകതകൾ ഏതെല്ലാം?

**ഉത്തരമെഴുതുക.** (5 x 2 = 10)

41 മനസ്താപ പ്രകരണം എഴുതുക.

42 നല്ല കുമ്പസാരത്തിന് വേണ്ട കാര്യങ്ങൾ എത്ര? ഏതെല്ലാം?